
little
KITE
സെന്റ് ആന്റണീസ് എച്ച് എസ്എസ്
വലിയതുറ.
പ്രയാണം
Digital magazine
2022-25 Batch




# വിദ്യാലയമുത്തശ്ശിക്ക് പ്രണാമം... ... ..

ശാസ്ത്രവും സർഗ്ഗാത്മകതയും കൈകോർക്കുമ്പോൾ പഠനം ആന്ദമാകുന്നു ... ഉൽസവമാകുന്നു... ..

ഈ വിദ്യാലയ തിരുമുറ്റത്തു നിന്നും വരകളുടേയും, വാക്കുകളുടേയും നറുങ്ങു വെട്ടങ്ങൾ കൈക്കുമ്പിളിൽ കോരിയെടുത്ത് ഞങ്ങൾ "പ്രയാണം" തുടരുകയാണ്... ...

മികവിന്റെ ചിറകുകൾ വിരിച്ച് സാങ്കേതിക വിദ്യയുടെ
ഉയരങ്ങൾ കീഴടക്കാനുള്ള "പ്രയാണം"ഇവിടെ
തുടങ്ങുകയാണ്... ...

ഈ സംരംഭം ഹൃദയപൂർവ്വം സ്വീകരിച്ചാലും... ... ... ..

# ഉള്ളടക്കം


- സന്ദേശം
- എഡിറ്റോറിയൽ
- ആമുഖം
- ചില്ലുജാലകം–കവിത
- എന്റെ പൊന്നു കൂട്ടുകാരി-–കവിത
- സഫലം–കവിത
- എൻ മനം–കവിത
- നിറങ്ങൾ–കവിത
- വിനോദയാത്ര-യാത്രാവിവരണം
- സ്വസ്തി-ലേഖനം
- അവഗണിക്കപ്പെടുന്ന വാർദ്ധാക്യം-ലേഖനം
- മാതാപിതാക്കളുടെ വാക്ക്-കഥ
- മുക്തി-ലേഖനം

# സന്ദേശം



കുഞ്ഞുങ്ങളേ,

പുതുതലമുറയുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകി, ഭാവനകളെ "പ്രയാണം" ആശയങ്ങളാക്കി, വർണ്ണങ്ങളാക്കി ""തുടരുന്ന ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക്

എന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു............

നിങ്ങളുടെ ഈ ഡിജിറ്റൽ മാസിക ഹൈടെക് സംസ്ക്കാരത്തിന്റെ സൃഷ്ടിയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തെ ഞാൻ ഏറെ അഭിനന്ദിക്കുന്നു...........

ആധുനിക ശാസ്ത്രത്തിന്റെ വിവിധ മേഖലയിലേക്കുള്ള നിങ്ങളുടെ "പ്രയാണം" ഇനിയും തുടരട്ടെ.........

സൂസി റോസ് എം
(ഹെഡ്മിസ്ട്രസ്സ്)

# എഡിറ്റോറിയൽ

ഓർമകളുടെ ഇടനാഴിയിൽ ഒരധ്യയന വർഷം കൂടി പടിയിറങ്ങുമ്പോൾ ഭാവനകൾക്ക് ചിറകേകിതേരിലേറി "പ്രയാണം"ഞങ്ങൾ തുടരുകയായി... ..

ഇതിൽ അനുഭവങ്ങളുടെ നേരും നിറവുമുണ്ട്... .

ഭാവനകളുടെ സുഗന്ധമുണ്ട്... ... .

ഇതിലെ ഒരോ വായനയും പുതിയ പുതിയ വായനകളിലേക്ക് നിങ്ങളെ നയിക്കും.

ഞങ്ങൾ കണ്ടതിന്റെയും അറിഞ്ഞതിന്റെയും പൊരുളറിയാൻ... ..

അറിയും തോറും കൂടുതൽ അറിയാൻ... ... ... .. i

അറിവിന് ആനന്ദം നുകരുവാൻ... ... ... .

നിങ്ങൾക്ക് കഴിയും എന്ന വിശ്വാസത്തോടെ "പ്രയാണം"ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു... ...

-എഡിറ്റർ

# ആമുഖം

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയംനിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റിമറിച്ചു. ഇതിന്റെഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറംഅധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ളതലമുറയെ സർഗാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടപ്പിലാക്കിയത്.

ലിറ്റിൽകൈറ്റ്സ് പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെകടന്നുപോകാനുള്ള സുവർണാവസരമാണ് മൂന്ന് വർഷത്തെ പ്രവർത്തനകാലയളവിലൂടെ ലഭ്യമാകുന്നത്.

ഹൈടെക് ഉപകരണ പരിപാലനം, ഗ്രാഫിക്സ്&അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ആർഡിനോ ബ്ലോക്ക് ലി പ്രോഗ്രാമിങ്, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ഇലക് ട്രോണിക്സ്,മലയാളം കമ്പ്യൂട്ടിങ്ങും,ഡെസ്ക്ടോപ്പ്പബ്ലിഷിങ്ങും,മീഡിയ&ഡോക്യുമെന്റേഷൻ.... എന്നിങ്ങനെ വിവിധ മേഖലകളാണ്പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ലിറ്റിൽകൈറ്റ്സ് പ്രവർത്തനപദ്ധതിയിലൂടെ ആർജ്ജിച്ചെടുക്കുന്ന അറിവുകൾ മറ്റുള്ളവരുടെയും ഗുണത്തിനും ഉന്നമനത്തിനും വേണ്ടി വിനിയോഗിക്കാനും, പരിശീലിക്കുന്ന പ്രവർത്തനങ്ങൾ സ്കൂളിലെ മറ്റ് കുട്ടികൾക്കും പകർന്ന് നൽകാനും,

രക്ഷിതാക്കൾക്കും സമൂഹത്തിനും ഉപകാരപ്രദമാവുന്ന വൈവിധ്യമാർന്ന ഐ.സി.ടി.

പ്രവർത്തനങ്ങൾ നടത്താനും, നൂതന സാങ്കേതികവിദ്യ, ലോകത്തെ പുത്തൻ പ്രവണതകൾ എന്നിവ അന്വേഷിക്കാനും ഉതകുന്ന തരത്തിൽ ലിറ്റിൽകൈറ്റ്സ് അംഗങ്ങളെ പ്രാപ്തരാക്കുന്നു.

മലയാളംകമ്പ്യൂട്ടിങ്ങിന്റെയും ഡെസ്ക്ടോപ്പ്പബ്ലിഷിങ്ങിന്റെയും ഭാഗമായി കട്ടികളുടെ ഭാവനയും സർഗ്ഗാത്മകതയും ചിറകടിച്ചുയരുന്ന "പ്രയാണം" നിങ്ങൾക്കായി സമർപ്പിക്കുന്നു.

ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്സുമാർ

ഷൈനിറൊസാരിയോ

മേരി ഫ്ളവർ

## ചില്ലുജാലകം

ഞാൻ എൻ ചില്ലുജാലകം
മലർക്കെ തുറക്കവേ
കണ്ടൂ എങ്ങും നീറുന്ന കാഴ്ചകൾ
ചുറ്റിലും കറുത്ത വളയങ്ങൾ
കൂർത്ത നഖങ്ങൾ, മുൾമുനകൾ
ചുറ്റപ്പറക്കുന്നകഴുകൻ കണ്ണുകൾ
പൊട്ടിച്ചിതറിയ കുപ്പിവളകൾ
ശ്വാസം നിലച്ച്, വിശന്ന് തളർന്ന
ദയനീയത,നിസ്സഹായത
തെരുവിന്റെ മങ്ങിയ വെട്ടം
പൊട്ടിച്ചിതറുന്ന ലഹരി
തിളങ്ങുന്ന വാൾമുന
അമ്മയുടെ,പെങ്ങളുടെ
പിഞ്ചോമനകളുടെ
പിച്ചിചീന്തിയ ഉടലുകൾ
കയ്യിലെ ത്രാസിന്റെ ഭാരം
താങ്ങാൻ വയ്യാത്ത നീതി ദേവത
കണ്ണുകളിൽ ഇരുട്ടു കയറി
***എൻ ചില്ലുജാലകം താനേ വലിഞ്ഞടഞ്ഞു.***



-അനു സി 10 സി

## എന്റെ പൊന്നു കൂട്ടുകാരി



എന്റെ പൊന്നു കൂട്ടുകാരി,
നിൻ കൺകളിലെ പ്രകാശം
നിൻ വാക്കുകളിലെ മാധുര്യം
നിൻ മുഖത്തു വിടരുന്ന പുഞ്ചിരി
നിൻ ആശ്വാസവാക്കുകൾ
നിൻ സ്നഹവായ്പ്
നിൻ കരസ്പർശം
എന്നെ ഞാനാക്കിയ
എന്റെ പൊന്നു കൂട്ടുകാരീ നീ
എന്നുമെന്നരികത്തുണ്ടായിരുന്നെങ്കിൽ

*–സെഫാനിയ 9 എ*

# സഫലം



ഒരു ചില്ലക്ഷരം
കൊണ്ടെങ്കിലും എന്നെ
നിൻ ഹൃദയത്തിൽ
കുറിച്ചിരുന്നെങ്കിൽ
ഒരു ശ്യാമവർണ്ണം
കൊണ്ടെങ്കിലും എന്നെ
നിൻ പ്രണയത്തിൽ
വരച്ചിരുന്നെങ്കിൽ
ഒരു കനൽക്കട്ട
കൊണ്ടെങ്കിലും എന്നെ
നിൻ സ്മൃതികളിൽ
ജ്വലിപ്പിച്ചുവെങ്കിൽ
ഒരു വെറും മാത്ര
മാത്രമായെങ്കിലും എന്നെ
നിൻ കനവിലേക്ക്
വിളിച്ചിരുന്നെങ്കിൽ
ആതുമതീ സഖീ
എൻ ജൻമം സഫലമാവാൻ


-അതുല്യാ കൃഷ്ണൻ 10 സി



# എൻ മനം

നീയെന്നരികത്തുണ്ടായിരുന്നപ്പോൾ
ഞാനറിഞ്ഞീല വേനലും വെയിലും
ഞാനറിഞ്ഞീല ദുഖവും ദുരിതവും
എന്നുള്ളം നിനക്കായ് തുടിക്കുന്നു.
നിൻ കൈകളെന്നെ മാറോടണച്ചതും
നിൻ കൈകളെൻ മിഴികൾ തുടച്ചതും
നിൻ മൊഴികളെന്നെ സാന്ത്വനിപ്പിച്ചതും
ഞാനെന്നുമോർക്കുന്നൂ സഖേ.
ഇന്നീ ലോകത്തിൻ മറുകോണിൽ
നിനക്കായ് കാത്തിരിക്കുന്നു ഞാൻ
എൻ ജീവവായു നിലക്കും വരെയും
എൻമനംനിനക്കായിതുടിക്കും.

*–ആദർശ് 9 എ*


നിറങ്ങൾ
ഏറ്റവും കൂടുതൽ നിറങ്ങളുള്ളത്
ഏതിനാണെന്നറിയാമോ
അത് പൂക്കൾക്ക് അല്ല
അത് പൂമ്പാറ്റക്ക് അല്ല
അത് മഴവില്ലിന് അല്ല
അത് മനസ്സിലാണ്.
ജെയ്സൺ 9 എ

# വിനോദയാത്ര

ഞങ്ങളുടെ സ്കൂളിലെ ഈ വർഷത്തെ വിനോദയാത്ര വാഗമൺ- വണ്ടർലാ ആയിരുന്നു. വിനോദയാത്ര പോകുന്നെന്നു കേട്ടപ്പോൾ ബാഗുമായി ഞാൻ ആദ്യം ചാടി വീണു.അധ്യാപകരും കുട്ടികളും ഉള്ള 45 പേർ അടങ്ങുന്ന ഒരു സംഘം നവംബർ 15 ന് രാവിലെ 6 മണിക്ക് സ്കൂളിൽ നിന്നും കിച്ചു ട്രാവൽസിൽ വാഗമണിലേക്ക് യാത്ര പുറപ്പെട്ടു. ഞങ്ങൾ കൂട്ടുകാർ വളരെ ആവേശത്തിലായിരുന്നു. അടൂരിൽ നിന്നും ബ്രേക്ക്ഫാസ്റ്റ് കഴിച്ച് യാത്ര തുടർന്നു.

വാഗമണ്ണിൽ ആദ്യമായി പോവുകയാണ്. മലനിരകളെ പൂർണമായും പൊതിഞ്ഞിരിക്കുന്ന മൂടൽമഞ്ഞിന്റെ പാടലം കീറി മുന്നോട്ടു യാത്ര പുറപ്പെട്ടു. പറഞ്ഞറിയിക്കാൻ പറ്റാത്ത അത്രയും സൗന്ദര്യം തുളുമ്പുന്ന വാഗമൺ......

കേരളസംസ്ഥാനത്തിലെ ഇടുക്കി- കോട്ടയം ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന പ്രകൃതി രമണീയമായ വിനോദസഞ്ചാരകേന്ദ്രം...

ചെറിയതും വലുതുമായ അരുവികൾ.....തേയിലത്തോട്ടങ്ങൾ...നിറയെ പച്ചവിരിച്ച കുന്നുകൾ.. ....പുൽപ്പരപ്പുകൾ.. കരിമ്പാറക്കൂട്ടങ്ങളുടെ ഓരം ചേർന്ന്, വളഞ്ഞുപുളഞ്ഞുകിടക്കുന്ന റോഡുകൾ.....കയറ്റങ്ങളും ഇറക്കങ്ങളും നിറയെ വളവുകളും തിരിവുകളും നിറഞ്ഞ റോഡിനിരുവശവും നിറയെ കാഴ്ചകളായിരുന്നു.



വാഗമൺ എത്തിയ ശേഷം ഞങ്ങൾ ആദ്യം പോയത് പൈൻ ഫോറസ്റ്റിലേക്കാണ്..പൈൻ മരങ്ങളുടെ മനോഹാരിതയും, തേയിലത്തോട്ടങ്ങളുടെ ഊഷ്മളതയും വാഗമണിൽ എത്തുന്ന ഏതൊരു സഞ്ചാരിയുടേയും ഹൃദയം കവരും.. നിരവധി വഴിവാണിഭ കച്ചവടക്കാർ ചുറ്റുംകൂടി. തിരികെയെത്തുമ്പോൾ എന്തെങ്കിലും വാങ്ങാമെന്നു വാക്കു പറഞ്ഞു. പൈൻ ഫോറെസ്റ്റിലേക്കുനടന്നുനീങ്ങി ... അതിശയം തോന്നുന്ന കാഴ്ച ...വളരെ ഉയരത്തിൽ പ്രൗഢിയോടെ പൈൻ മരങ്ങൾ നിൽക്കുന്ന താഴ്വര .....പൈൻ മരങ്ങളെ തട്ടുകളായി ക്രമീകരിച്ചിരിക്കുന്നപോലെ ...... ശക്തിയേറിയ കാറ്റ് പൈൻ മരങ്ങളെ തഴുകി ചൂളം മീട്ടുന്നു....കാതുകളിൽ കുളിർമഴപെയ്യുന്നപോലെയുള്ള സ്വരം..... പുറംതണുപ്പിനെ ശരീരത്തിന്റെ ഉള്ളിലേയ്ക്കും



നിറക്കാനായി ഐസ്ക്രീം വാങ്ങി . അലിയുന്ന ഐസ്ക്രീമിന്റെ മധുരം നുണയുന്നപോലെ മധുരംനിറഞ്ഞ ഓർമ്മകൾ നിറയുന്ന ഒന്നിലധികം ഫോട്ടോകളും എടുത്തു. കാറ്റിന്റെ ശക്തിയിൽ മഞ്ഞുത്തുള്ളികൾ പൊഴിയുന്നപോലെ ചാറ്റൽ മഴ തുടങ്ങി....... വിഷമത്തോടെ ആണെങ്കിലും പൈൻ മരങ്ങളോട് യാത്ര പറഞ്ഞ്.

ഉച്ചഭക്ഷണം കഴിച്ച് ഞങ്ങൾ അവിടെ നിന്നും തങ്ങൾപ്പാറയിലേക്ക് തിരിച്ചു.

ഇസ്ലാം മത വിശ്വാസികളുടെ തീർത്ഥാടന കേന്ദ്രമാണിത്. ഏറെക്കുറെ വിജനമായ റോഡിലിരുന്നും കിടന്നുമെല്ലാമാണ് ഞങ്ങൾ കുന്നുകയറിത്തുടങ്ങിയത്.... അതു കൊണ്ട് തന്നെ ആയാസമൊന്നും ഞങ്ങളറിഞ്ഞിരുന്നില്ല... ഒരു പാട് തീർത്ഥാടക കുടുംബങ്ങൾ നിശബ്ദരായി കുന്നുകയറുന്നുണ്ടായിരുന്നു. ഞങ്ങളെല്ലാം കുന്നുകയറി മുകളിലെത്തിയപ്പോഴേക്കും ഏറ്റവും മുകളിൽ കയറി ഞങ്ങടെ കുറേ കൂട്ടുകാർ തിരിച്ചിറങ്ങാൻ തുടങ്ങി. ഉയരങ്ങളിലേക്ക് കയറി ചെന്നു കഴിഞ്ഞാൽ പിന്നെ ചുറ്റുള്ളതെല്ലാം പതുക്കെ പതുക്കെ മഞ്ഞ് തുടങ്ങും.. കോട വന്ന് എല്ലാം മൂടുന്നതു കാണാം...... ചാറ്റൽമഴ ഉള്ളതിനാൽ ഞങ്ങൾ പതുക്കെ കുന്നിറങ്ങി.



അവിടെ നിന്നും നേരെ മൊട്ടകുന്നിലേക്കാണ് പോയത്. ചാറ്റൽമഴ ഉള്ളതിനാൽ വളരെ കുറച്ച് പേർ മാത്രമാണ് കുന്ന് കയറിയത്.



6.30 ന് ഞങ്ങൾ ഹോട്ടലിൽ എത്തിച്ചേർന്നു. രാത്രി ഭക്ഷണം കഴിഞ്ഞ് 8 മണിയോട്കൂടി ക്യാമ്പ് ഫയർ ആരംഭിച്ചു.പാട്ടിന്റെ ഈണത്തിനൊപ്പം മതിമറന്ന് ഡാൻസ് കളിച്ച നിമിഷങ്ങൾ......

ഒരിക്കലും തീരരുതേ...എന്ന് ഞങ്ങൾ ആശിച്ചു പോയി. ഇതിനിടയിൽ അട്ടഹസിച്ചിട്ടാർത്തു വിളിക്കുന്ന കൂട്ടുകാരെ കണ്ടു,

അവിടെ സ്റ്റേ ചെയ്ത് പിറ്റേന്ന് 6 മണിക്ക് വീഗാലാന്റിലേക്ക് തിരിച്ചു.

വഴിൽനിന്നും ബ്രേക്ക്ഫാസ്റ്റ് കഴിച്ച് രാവിലെ 10.30 തോടുകൂടി ഞങ്ങൾ വീഗാലാന്റിൽ എത്തിച്ചേർന്നു.

ഇത് കേവലം ഒരു അമ്യൂസ്മെന്റ് പാർക്ക് മാത്രമല്ല, ചെറിയ നിമിഷങ്ങൾ ആഘോഷിക്കാനും വലിയ അത്ഭുതങ്ങൾ പങ്കിടാനുമുള്ള ഒരു സ്ഥലമാണിത്.

ഏറ്റവും ആവേശമുണർത്തുന്ന ആകർഷണങ്ങൾ ........

ജലഗതാഗത,ഭ്രമി റൈഡുകൾ,വേവ് പൂൾ, റൈൻ ഡിസ്കോ, ചിക്ക ഓഫ് അഡ്വെഞ്ചേഴ്സിലെ ഷോ....എന്നിവ അവയിൽ ചിലതുമാത്രം.

വണ്ടർലാ തികച്ചും ഒരത്ഭുതഭൂമിതന്നെയാണ്...... വണ്ടർ ലാന്റ്........





6.30 ന് ഞങ്ങൾ അവിടെ നിന്നും തിരിച്ചു.

യാത്ര മുഴുവൻ കൂട്ടുകാർ ഒച്ചപ്പാടുകൾ കൊണ്ട് നിറച്ചിരിന്നു.

ആലപ്പുഴയിൽ നിന്ന് ഡിന്നർ കഴിച്ച് ഏകദേശം അതിരാവിലെ 12.45 ഓടുകൂടി ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി.....

*ഈ വിനോദയാത്ര എന്റെ ജീവിതത്തിലെ അവിസ്മരണീയ നിമിഷങ്ങളായിരുന്നു.........*




**ജെനിത റ്റി 10 എ**

# സ്വസ്തി

ഇന്ന് നമ്മുടെ സമൂഹത്തിൽ നമ്മൾ സുരക്ഷിതരാണോ?

ശാസ്ത്രം കുതിച്ചുയരുന്ന ഇക്കാലത്തും സ്ത്രീകളോടുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നില്ലേ?

തട്ടികൊണ്ട് പോകൽ,സ്ത്രീ പീഡനങ്ങൾ, കൊലപാതകങ്ങൾ, ആസിഡ് ആക്രമണങ്ങൾ,പോക്സോ കേസുകൾ,ഗാർഹിക പീഡനങ്ങൾ എന്നിവയുടെ ഒരു നീണ്ടനിര നമ്മുടെ സമൂഹത്തിൽ അനുദിനം വർദ്ധിച്ച് വരുകയാണ്.

ഈ സാഹചര്യത്തിൽ നമ്മുടെ സുരക്ഷ ആദ്യം ഉറപ്പക്കേണ്ടത് ആരാണ്?

നമ്മുടെ സുരക്ഷ ആദ്യം ഉറപ്പക്കേണ്ടത് നമ്മൾ തന്നെയാണ്.

അതിനായി നമ്മുക്ക് എന്തൊക്കെ മുൻകരുതലുകൾ എടുക്കാം.

1.രാത്രി വൈകി ഒരു ഉയർന്ന അപ്പാർട്ട്മെന്റിൽ ഒരു ലിഫ്റ്റിൽ പ്രവേശിക്കാൻ തയ്യാറെടുക്കുമ്പോൾ ഒരു അപരിചിതനായ പുരുഷന്റെ ക്രൂടെ തനിയെ പോവേണ്ടിവന്നാൽ എന്തുചെയ്യണം...

***നിങ്ങൾക്ക് പതിമൂന്നാം നിലയിലെത്തണമെങ്കിൽ...നിങ്ങളുടെ ലക്ഷ്യസ്ഥാനം വരെയുള്ള എല്ലാ നിലയുടെയും ബട്ടണുകളും അമർത്തുക . എല്ലാ നിലയിലും നിർത്തുന്ന ഒരു ലിഫ്റ്റിൽ നിങ്ങളെ ആക്രമിക്കാൻ ആരും ധൈര്യപ്പെടില്ല....***

2. നിങ്ങളുടെ വീട്ടിൽ തനിച്ചായിരിക്കുമ്പോൾ ഒരു അപരിചിതൻ നിങ്ങളെ ആക്രമിക്കാൻ ശ്രമിച്ചാൽ എന്തുചെയ്യും?

***അടുക്കളയിലേക്ക് ഓടുക.... മുളകുപൊടിയും,മഞ്ഞളും,കത്തികളും,പ്ലേറ്റുകളും.....***

***എവിടെയാ സൂക്ഷിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഇവയെല്ലാം മാരകായുധങ്ങളാക്കാം... മറ്റൊന്നുമില്ലെങ്കിൽ, പ്ലേറ്റുകളും പാത്രങ്ങളും എറിയാൻ ആരംഭിക്കുക, അവ തകരുന്ന ശബ്ദം നിലവിളി ശബ്ദം ഒരു ഉപദ്രവകാരിയുടെ ഏറ്റവും വലിയ ശത്രുവാണെന്ന് ഓർമ്മിക്കുക.... പിടിക്കപ്പെടാൻ അയാൾ ആഗ്രഹിക്കുകയില്ല..***

3. രാത്രിയിൽ ഒറ്റക്ക് ഒരു ഓട്ടോ അല്ലെങ്കിൽ ടാക്സി എടുക്കേണ്ടി വന്നാൽ...എന്തുചെയ്യും?

***രാത്രിയിൽ ഒരു ഓട്ടോയിൽ കയറുന്നതിന് മുമ്പ്, ആദ്യം അതിന്റെ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുക... നിങ്ങളുടെ കുടുംബത്തെയോ സുഹൃത്തിനെയോ വിളിക്കുക , ഡ്രൈവർക്ക് മനസ്സിലാവുന്ന ഭാഷയിൽ വിശദാംശങ്ങൾ കൈമാറുക .... നിങ്ങളുടെ കോളിന് ആരും മറുപടി നൽകിയില്ലെങ്കിലും,നിങ്ങൾ ഒരു സംഭാഷണത്തിലാണെന്ന് നടിക്കുക.... വാഹനത്തിന്റെയും***

*തന്റെയും വിശദാംശങ്ങൾ നിങ്ങളുടെ കയ്യിൽ ഉണ്ടെന്ന് ഡ്രൈവർക്ക് അപ്പോൾ മനസ്സിലാവും, എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ അയാൾ ഗുരുതരമായ കുഴപ്പത്തിലാകുമെന്ന് മനസ്സിലാക്കുന്ന*

*ഡ്രൈവർ നിങ്ങളെ സുരക്ഷിതമായി വീട്ടിലേക്ക് കൊണ്ടുപോകാൻ ഇപ്പോൾ ബാധ്യസ്ഥനാണ്... ആക്രമിക്കാൻ ആക്രമണകാരി ഇപ്പോൾ നിങ്ങളുടെ യഥാർത്ഥ സംരക്ഷകനാണ്...*

4. ഡ്രൈവർ വഴി മാറിയാൽ,നിങ്ങൾ ഒരു അപകട മേഖലയിലേക്ക് പ്രവേശിക്കുകയാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ...എന്തുചെയ്യും?

*നിങ്ങളുടെ ബാഗിന്റെ ഹാൻഡിൽ അല്ലെങ്കിൽ (ദുപ്പട്ട) കഴുത്തിൽ ചുറ്റിപ്പിടിച്ച് അവനെ പിന്നിലേക്ക് വലിക്കുക. നിമിഷങ്ങൾക്കുള്ളിൽ,അയാൾക്ക് ശ്വാസംമുട്ടലും നിസ്സഹായതയും അനുഭവപ്പെടും.. നിങ്ങൾക്ക് ഒരു ബാഗ് ഇല്ലെങ്കിലോ ഷാൾ ഇല്ലെങ്കിലോ അയാളുടെ കോളർ പിടിച്ചു അവനെ പിന്നോട്ട് വലിക്കുക. അവന്റെ ഷർട്ടിന്റെ മുകളിലെ ബട്ടൺ അതേ തന്ത്രം തന്നെ ചെയ്യും...*

5. രാത്രിയിൽ നിങ്ങളെ അപരിചിതൻ പിന്തുടരുകയാണെങ്കിൽ...എന്തുചെയ്യും?

*ഒരു കടയിലോ വീടിലോ പ്രവേശിച്ച് നിങ്ങളുടെ പ്രതിസന്ധി വിശദീകരിക്കുക.. രാത്രിയും കടകളും തുറന്നിട്ടില്ലെങ്കിൽ, ഒരു എടിഎം ബോക്സിനുള്ളിൽ പോകുക... എടിഎം കേന്ദ്രങ്ങൾക്ക് എല്ലായ്പ്പോഴും ക്ലോസ് സർക്യൂട്ട് ടെലിവിഷൻ ഉണ്ട്.... തിരിച്ചറിയൽ ഭയന്ന് ആരും നിങ്ങളെ ആക്രമിക്കാൻ ധൈര്യപ്പെടില്ല...*

*എല്ലാത്തിനുമുപരി" മാനസികമായി ജാഗരൂകരായിരിക്കുക എന്നതാണ് പ്രധാനം,, നിങ്ങളുടെ കൈവശമുള്ള ഏറ്റവും വലിയ ആയുധം നിങ്ങളുടെ ധൈര്യമാണ്......*

**ഹാന്റ് ബാഗിൽ എപ്പോഴും ഒരു വിസിൽ സൂക്ഷിക്കുക എന്തെങ്കിലും അക്രമണമുണ്ടായാൽ വിസിൽ ഉപയോഗിച്ചാൽ ദൂരെയുള്ളവരുടെ ശ്രദ്ധ അവിടേക്ക് ലഭിക്കാനും, സഹായം ലഭിക്കാനും സാധ്യതയുണ്ട്..**

സാമൂഹികവും ധാർമ്മികവുമായ ലക്ഷ്യത്തിനും സ്ത്രീകളുടെ സുരക്ഷയ്ക്കും വേണ്ടി നമുക്ക് ഒറ്റക്കെട്ടായി പ്രയത്നിക്കാം.

അക്ഷയ ജോസ് 10 എ

# അവഗണിക്കപ്പെടുന്ന വാർദ്ധക്യം

സ്വാർത്ഥതയും വെറുപ്പും വിദ്വേഷവും നിറഞ്ഞ വർത്തമാനകാല സമൂഹത്തിൽ വാർദ്ധക്യം എന്ന മനുഷ്യാവസ്ഥ ശാപമായി തീർന്നിരിക്കയാണ്.

ജീവിത യാത്രയുടെ അവസാന നാളുകളിലെത്തി നിൽക്കുന്ന ഓരോ വൃദ്ധജനങ്ങളും വൻ നിധി ശേഖരങ്ങളാണ്. ഒരുപാട് അനുഭവത്തിൻറെയും വിജ്ഞാനത്തിൻറെയും ചരിത്രപുസ്തകങ്ങളാണിവർ. കാലത്തോടൊപ്പം നടന്ന് കാലത്തിൻറെ കുതിപ്പിനും കിതപ്പിനും സാക്ഷിയാവർ ദാരിദ്ര്യവും പട്ടിണിയും ഇല്ലായ്മകളും എല്ലാം താണ്ടി നമുക്ക് സ്വർഗ്ഗരാജ്യം ഒരുക്കിതന്ന നമ്മുടെ മുൻതലമുറ ഇന്ന് ചിലയിടങ്ങളിലെല്ലാം ക്രൂരമായി പീഢിപ്പിക്കപ്പെടുന്നുണ്ട്. അനുദിനം പെരുകിവരുന്ന വൃദ്ധസദനങ്ങളുടെ കണക്ക് മാത്രം നോക്കിയാൽ മതി ഇതിൻറെ യാഥാർത്ഥ്യം മനസ്സിലാക്കാൻ.

ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയപ്പെടുന്ന നമ്മുടെ കേരളം തന്നെയാണ് ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങൾ ഉയർന്നു നിൽക്കുന്ന സംസ്ഥാനം. പുരുഷന്മാരെ അപേഷിച്ച് സ്ത്രീകളാണ് വൃദ്ധജനസംഖ്യയിൽ കൂടുതലുള്ളത്. ഒരുപാട് അച്ഛനമ്മമാർ, മുത്തശ്ശന്മാർ, മുത്തശ്ശിമാർ, ഇന്ന് വൃദ്ധസദനങ്ങളുടെ ജനലഴിക്കു പിന്നിൽ ഒരിറ്റ് സ്നേഹവും ഒരു വിരൽ തുമ്പും ആഗ്രഹിച്ച് കണ്ണിമ ചിമ്മാതെ മക്കളുടെ വരവും കാത്തിരിക്കുന്നുണ്ട്. നിർത്താതെ ചുമവരുമ്പോൾ ഒന്ന് പുറം തടവാൻ... തെന്നി വീഴാനാവുമ്പോൾ ഒരു കൈ കരുത്തേകാൻ വേണ്ട, അന്ന് മക്കൾക്ക് നൽകിയ സ്നേഹത്തിനും വാത്സല്യത്തിനും പകരം ലഭിക്കാൻ എന്തുമാത്രം കൊതിക്കുന്നുണ്ടവർ...

കൊച്ചു കുട്ടികൾക്കെന്ന പോലെ ഏറ്റവും കൂടിയ പരിചരണം ആവശ്യമായി വരുന്ന

ജീവിതാവസ്ഥയാണ് വാർദ്ധക്യം. വാർദ്ധക്യസഹജ രോഗങ്ങളാലും ജീവിത ശൈലീരോഗങ്ങളാലും ബഹുഭൂരിപക്ഷം വൃദ്ധജനങ്ങളും കഷ്ടതയനുഭവിക്കുന്നവരാണ്. മക്കളുടെയും കൊച്ചുമക്കളുടെയും സ്നേഹവാത്സല്യങ്ങളും പരിചരണങ്ങളും ഏറെ ആഗ്രഹിക്കുന്ന ഒരു ഘട്ടമാണിത്.

കുഞ്ഞുനാളുകളിൽ നമ്മെ താരാട്ടുപാടിയുറക്കിയവർ, കഥയുടെ പാൽപായസം കൊണ്ട് മതിവരുവോളം പുരാണങ്ങളും ഇതിഹാസങ്ങളും ജീവിത സമസ്യകളിലേക്ക് സന്നിവേശിപ്പിച്ച് ധാർമ്മികതയുടെയും സദാചാരത്തിൻറെയും മൂല്യങ്ങൾ പകുത്തുതന്ന നമ്മുടെ ആദ്യത്തെ ഗുരുക്കന്മാർ, ഇവരെ അവഗണിച്ച് എങ്ങിനെ മുന്നോട്ട് പോകാൻ സാധിക്കും.



നമ്മെ സ്നേഹം മാത്രം തന്ന് പരിപാലിച്ച വളർത്തിയ മാതാപിതാക്കളെ അവരുടെ വാർദ്ധ്യക്യത്തിൽ ശുശ്രൂഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ നാമെത്രത്തോളം പരാജിതരാണ്. മാതാപിതാക്കൾക്കു ചെയ്യേണ്ട കടമകൾ മറന്ന് അവരൊരു ഭാരമായി മാറി വൃദ്ധസദനത്തിലേക്കും മറ്റും തള്ളിവിടുന്ന മക്കൾ അവർക്ക് നാളെ നേരിടേണ്ടി വരുന്ന ഭയാനകതയെ കുറിച്ച് ചിന്തിക്കുന്നേയില്ല.
യഥാർത്ഥത്തിൽ വാർദ്ധക്യം വലിച്ചെറിയപ്പെടേണ്ട മാലിന്യങ്ങളാണോ എന്ന് നാം

ചിന്തിക്കേണ്ടതുണ്ട്.

കഷ്ടതയനുഭവിച്ച് ജീവിതം തള്ളി നീക്കുന്ന പടുവൃദ്ധരായ നമ്മുടെ മാതാപിതാക്കളെ നാം

ഒരു വിലയും നൽകാതെ അവഗണിക്കുകയാണെങ്കിൽ വരും നാളുകളിൽ ഇന്നത്തെ യുവജന്മങ്ങൾ ഊർജ്ജവും കരുത്തും ചോർന്ന് പടുവൃദ്ധരാവുമ്പോൾ കടത്തിണ്ണയിലും തെരുവിലെ ഓവു ചാലിലും തള്ളിയാൽ അനുഭവിക്കേണ്ടിവരുന്ന ഒറ്റപ്പെടൽ നമുക്ക് ഒരു നിമിഷമെങ്കിലും ചിന്തിക്കാനാവുന്നില്ലെങ്കിൽ അത് സംഭവിക്കാതിരിക്കാൻ നാം മാതൃകകളാവുകയാണ വേണ്ടത്.

അവഗണിക്കുകയാണെങ്കിൽ വരും നാളുകളിൽ ഇന്നത്തെ യുവജന്മങ്ങൾ ഊർജ്ജവും കരുത്തും ചോർന്ന് പടുവൃദ്ധരാവുമ്പോൾ കടത്തിണ്ണയിലും തെരുവിലെ ഓവു ചാലിലും തള്ളിയാൽ അനുഭവിക്കേണ്ടിവരുന്ന ഒറ്റപ്പെടൽ നമുക്ക് ഒരു നിമിഷമെങ്കിലും ചിന്തിക്കാനാവുന്നില്ലെങ്കിൽ അത് സംഭവിക്കാതിരിക്കാൻ നാം മാതൃകകളാവുകയാണ വേണ്ടത്.

-എബിൻ 9 ബി

# മാതാപിതാക്കളുടെ വാക്ക്



ഒരു വൈശ്യപത്രനായിരുന്നു ചക്രൻ. ഒരുദിവസം അയാൾ കച്ചവടത്തിനായി പുറപ്പെട്ടു. യാത്രയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ ക്കുറിച്ച് അറിയാവുന്ന മാതാപിതാക്കൾ അയാളെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു.
പക്ഷെ ചക്രൻ തന്റെ മാതാപിതാക്കളുടെ വാക്ക് ധിക്കരിച്ചു കൊണ്ട് യാത്ര പുറപ്പെടുകതന്നെ ചെയ്തു.

യാത്രമദ്ധ്യേ അയാൾ സഞ്ചരിച്ച കപ്പൽ തകർന്ന തരിപ്പണമായി. ഭാഗ്യവശാൽ തിരമാലകൾ അയാളെ കരയ്ക്ക് അടുപ്പിച്ചു. കരയിൽ തളർന്ന് കിടക്കുന്ന ചക്രനെ ഒരാൾ വന്ന് എടുത്തു കൊണ്ട് പോയി. ഒരു ഇരുമ്പറക്കുള്ളിലായിരുന്ന അയാൾ ചക്രനെ കൊണ്ട് പോയത്. അവിടെ അത്ഭുതവും അത്യന്തം വേദനാജനകവുമായ ഒരു കാഴ്ച ചക്രൻ കണ്ടു.

ചുട്ടുപഴുത്ത ഒരു ഇരുമ്പ് ചക്രം ഒരാളുടെ തലയിൽ കിടന്ന കറങ്ങുന്നതും, അയാൾ വേദന കൊണ്ട് നിലവിളിക്കുന്നതുമായിരുന്ന ആ കാഴ്ച. തന്നെ അവിടെ കൂട്ടി കൊണ്ട് വന്നയാളോട് ചക്രൻ കാരണം അരാഞ്ഞു.
തങ്ങളുടെ വാക്കുകൾ മക്കൾ ധിക്കരിക്കുന്ന അവസരത്തിൽ മാതാപിതാക്കൾക്ക് അതീവ ദുഃഖം ഉണ്ടാകുന്നു. ആ ദുഃഖം മൂലം ഉണ്ടാകുന്ന പാപത്തിന്റെ അനുഭവമാണ് അയാൾ ഇപ്പോൾ അനുഭവിക്കുന്നത്. അയാൾ മരിച്ചു കാണുവാൻ അയാളുടെ മാതാപിതാക്കൾ അഗ്രഹിക്കുന്നില്ല. അതിനാലാണ് അയാൾ മരിക്കാതെ വേദന തിന്നുന്നതെന്ന് ചക്രന് മനസ്സിലായി.

മാതാപിതാക്കളുടെ വാക്ക് ധിക്കരിച്ചു കൊണ്ടാണല്ലോ താനും കച്ചവടത്തിനായി ഇറങ്ങി തിരിച്ചത്. അതിനാൽ താനും ഇതേ ശിക്ഷ അനുഭാവിക്കേണ്ടവനാണെന്നു സ്വയം തോന്നി. ആ ചുട്ടു പഴുത്ത ചക്രം തന്റെ തലയിലും വക്കാൻ ചക്രൻ ആവശ്യപ്പെട്ടു.

ചക്രന്റെ അവശ്യം ന്യായമാണന്നും ഇരുമ്പുചക്രം അവന്റെ തലയിൽ വയ്ക്കാണനെന്നും ഒരു അശരീരി അപ്പോൾ ഉണ്ടായി.

ചുട്ടു പഴുത്ത ചക്രത്തിന്റെ അടിയിൽ ചക്രൻ തലവച്ചു. ചക്രം അതിവേഗം കറങ്ങാൻ തുടങ്ങി. വേദന കടിച്ചമർത്തി കൊണ്ട് ചക്രൻ പറഞ്ഞു.

"ഭൂമിയിലുള്ള എല്ലാപാപികളുടെയും പാപങ്ങൾ തീരുന്നതുവരെ ഈ ചുട്ടു പഴുത്ത ചക്രം എന്റെ തലയിൽ ഇരുന്ന് കറങ്ങട്ടെ. "

ചക്രന്റെ ധീരമായ ഈ വാക്കുകൾ കേട്ട് ദേവന്മാർ സന്തോഷിച്ചു. ചക്രം അവന്റെ തലയിൽ നിന്നും എടുത്തു മാറ്റി. മാതാപിതാക്കളുടെ വാക്കുകൾ അനുസരിച്ചു സന്തോഷമായി ജീവിക്കുവാൻ അനുഗ്രഹിച്ചയച്ചു.

മാതാപിതാക്കളുടെ വാക്കുകൾ നിങ്ങൾ ഒരിക്കലും ധിക്കരിക്കരുതേ!
അവരുടെ വാക്ക് ധിക്കരിക്കുന്നത് പാപവും മറിച്ച് അവരോടുള്ള ഭക്തി ഐശ്യപൂർണ്ണവുമാണ്.

# മുക്തി




അറിയാനുള്ള ആകാംക്ഷ, ബോറടി മാറ്റാൻ, വിഷാദം അകറ്റാൻ, വീട്ടിലെ പ്രശ്നങ്ങൾ മറക്കാൻ എന്നിങ്ങനെ ലഹരിവസ്തുക്കളിലേക്ക് ശ്രദ്ധ മാറാൻ കാരണങ്ങൾ നിരവധിയാണ്. . കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം കൂടിവരുന്നതായാണ് റിപ്പോർട്ടുകൾ. ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല.

തുടക്കത്തിലേ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ വലിയ പ്രയാസമില്ലാതെ ഈ ദുശ്ശീലത്തിൽ നിന്ന് കുട്ടിയെ പിന്തിരിപ്പിക്കാൻ സാധിക്കും. കുട്ടികളുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാകും.



സാമൂഹികമായ ഇടപെടലുകൾ കുറച്ച്, എപ്പോഴും ഒറ്റയ്ക്ക് ഇരിക്കാൻ ഇഷ്ടപ്പെടും. അകാരണമായ കോപം, ബഹളം, വിഷാദം തുടങ്ങിയവയെല്ലാം ലക്ഷണങ്ങളാകാം. ലഹരിയെന്ന മഹാവിപത്തിൽ നിന്ന് കുട്ടികളെ രക്ഷപ്പെടുത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചിലത്...



ഒന്ന്...

കുട്ടികൾക്ക് ആവശ്യത്തിലധികം പോക്കറ്റ് മണി നൽകാൻ പാടില്ല. എന്ന് കരുതി ന്യായമായ ആവശ്യങ്ങൾക്ക് നൽ കാതിരിക്കുകയുമരുത്. ലഹരി മരുന്നുകൾക്ക് അടിമപ്പെട്ടു എന്നുറപ്പിക്കാനായാൽ എത്രയും പെട്ടെന്ന് കൗൺസലിങ് നൽകണം. പുറത്തറിയുമെന്നോ നാണക്കേടാണെന്നോ കരുതരുത്. കുട്ടിയുടെ ഭാവിയുടെയും ജീവിതത്തിന്റെയും കാര്യമാണെന്നോർക്കുക.

**രണ്ട്...**

കുട്ടികളെ ഭീഷണിപ്പെടുത്തിയോ മർദ്ദിച്ചോ ശകാരിച്ചോ ഇത്തരത്തിലുള്ള ശീലം മാറ്റാൻ കഴിയില്ല. അതിന് മനഃശാസ്ത്ര വിദഗ്ദ്ധന്റെയോ കൗൺസലിങ് വിദഗ്ദ്ധന്റെയോ സഹായവും മരുന്നുകളും ആവശ്യമായി വരും.

**മൂന്ന്...**



പെട്ടെന്ന് നിർത്താൻ കഴിയുന്നതല്ല ഇത്തരം ലഹരി വസ്തുക്കളോടുള്ള അടിമത്തം. ചികിത്സയ്ക്കിടയിൽ കുട്ടി ചിലപ്പോൾ വീണ്ടും അത്തരം ശീലങ്ങളിലേക്ക് മടങ്ങിപ്പോയേക്കാം. അപ്പോഴെല്ലാം ക്ഷമയോടെ കുട്ടിയെ തിരിച്ചുകൊണ്ടുവരണം.

**നാല്...**

ഇന്റർനെറ്റിലും മൊബൈലിലും ലഹരിയെ വാഴ്ത്തിപ്പാടുന്ന ചിത്രങ്ങളും ഗാനങ്ങളും വരുമ്പോൾ കുട്ടികളുടെ മനസ്സ് അതിന്റെ പുറകെ പോകാം. കാണുന്ന സിനിമകളിൽ കൈയിൽ മദ്യക്കുപ്പിയും വിരലുകൾക്കിടയിൽ കഞ്ചാവുമായി സൂപ്പർതാരം നിൽക്കുന്നത് കാണുമ്പോൾ കുട്ടികൾക്ക് അനുകരിക്കാൻ തോന്നും.

എബിൻവിജയൻ 9 എ



# ഓണനിലാവ്........



**ഓണം ഒരു ഓർമ്മയും പ്രതീക്ഷയും...........**

# വര....




-ജെയ്സൺ

## വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം......



## ശിശുദിന റാലി.......



# പുസ്തകോൽസവം......





## വായിച്ചു വളരുക.......................

# ക്രിസ്തുമസ് രാവ്.........















# സ്കൗട്ട് ബോയിസ്.....



സേവന സന്നദ്ധർ.........

## ഫ്രീഡംഫെസ്റ്റ്.....



## ലിറ്റൽകൈറ്റ്സ്........





# അദ്ധ്യാപകദിനാചരണം......













# കേരളപ്പിറവി............



# " പ്രയാണം"

